സിനിമ

ബത്തേരി

ഐശ്വര്യ
▶ SCENE[TAM]
11.00 AM., 2.15 PM, 5.30 PM, 8.45 PM അന്തമുള്ള
▶ വിജയ് 11.00 AM., 2.15 PM, 5.30 PM, 8.45 PM

ഐശ്വര്യ സിനി പ്ലസ്
▶ MUKKUTHI AMMMAN 2 [TAM]
▶ 11.00 AM, 1.45 PM , 4.30 PM , 10.00 PM
▶ RAMAYANA [MAL 3D]
10.45 AM, 2.30 PM, 6.00 PM , 9.45 PM
▶ JAILER 2 [TAM] 11.00 AM , 7.00 PM
▶ SCENE [TAM
4.00 PM, 7.00 PM, 10.00 PM
▶ FOR ONLINE BOOKING : WWW.AISWARYACINEMAS.COM

കൽപ്പറ്റ

രജനി സ്ക്രീൻ 1
▶ RAMAYANA (MAL 3D).
▶ 10.30AM,2.15PM,8PM.

സ്ക്രീൻ 2
▶ SCENE(T).
▶ 11AM,2.30PM,6PM,9.30PM.

സ്ക്രീൻ 3
▶ വിജയ്
11AM,2.30PM,6PM,9.30PM.

പുൽപ്പള്ളി

പൊന്നു സിനിമാസ്
BLUE
▶ ജയിലർ11.15AM 2.30PM 5.30PM 8.30PM
RED
▶ അവതാർ 3: തീ, ചാരം, 11.15AM 2.30PM 5.30PM 8.45PM
GREEN
▶ TITANS (MAL)11AM 2.30PM 5.30PM 8. 30PM

BLUE MOON CINEMAS
▶ AUDI 1- Ramayana (MAL3D) 11 AM 2.45PM 8PM
▶ AUDI 2 Mookuthi Amman (TAMIL) 11.15AM 2.15PM 5.15PM

FORRESERVATION: WWW.BOOK MYSHOW.COM PHONE04936 242 347

കല്ലുമുക്ക്-മാറോട് റോഡ് തകർന്നു

യാത്രക്കാർ ദുരിതത്തിൽ

ബത്തേരി

കല്ലുമുക്ക്–മാറോട് റോഡ് തകർന്ന് നാട്ടുകാർ ദുരിതത്തിൽ. നൂൽപ്പുഴ പഞ്ചായത്ത് ഏഴാം വാർഡിലെ റോഡാണ് തകർന്ന് യാത്ര അസാധ്യമായത്. കല്ലുമുക്കിൽ നിന്നും തുടങ്ങുന്ന രണ്ടര കിലോമീറ്റർ റോഡ് മാറോട് വരെ തകർന്നിട്ട് മാസങ്ങളായി. മാറോട് ഗ്രാമവാസികളിൽ ഭൂരിഭാഗവും ഗോത്രവർഗത്തിൽ ഉൾപ്പെടുന്നവരാണ്. വിവിധ ഉന്നതികളിലായി നൂറ്റമ്പതിലേറെ കുടുംബങ്ങളുണ്ട്. പ്രദേശത്ത് വന്യമൃഗശല്യം രൂക്ഷമാണ്. രണ്ട് വർഷം മുന്പ് നവീകരിച്ച ഭാഗം ഉൾപ്പെടെയാണ് ഇപ്പോൾ തകർന്നത്. പഞ്ചായത്ത് സ്ഥാപിച്ച തെരുവ് വിളക്കുകളും കത്തുന്നില്ല. നിലവിൽ കാറും ജീപ്പും ഓട്ടോകളും മാത്രമാണ് മാറോട്ടേക്ക് ഓട്ടം വിളിച്ചാൽ പോകുന്നത്.


തകർന്ന കല്ലുമുക്ക്–മാറോട് റോഡ്

അധ്യാപക നിയമനം

കാരച്ചാൽ

കാരച്ചാൽ ഗവ.എൽപി സ്കൂളിൽ ഒഴിവുള്ള പാർട്ട് ടൈം അറബിക് എൽപിഎസ് തസ്തികയിലേക്കുള്ള അഭിമുഖം തിങ്കൾ രാവിലെ 10.30ന് സ്കൂൾ ഓഫീസിൽ നടക്കും.

കേരളോത്സവം: രജിസ്ട്രേഷൻ ആരംഭിച്ചു

കൽപ്പറ്റ

നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കേരളോത്സവം 15 മുതൽ 30 വരെ നടക്കും. കലാ–കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർ ഓൺലൈനായി https://keralotsavam.com വഴി അപേക്ഷിക്കണം. രജിസ്ട്രേഷൻ 12ന് വൈകിട്ട് അഞ്ചിന് അവസാനിക്കും. ഫോൺ: 9747261964, 04936 202349.

താലൂക്ക് വികസന സമിതി യോഗം

കൽപ്പറ്റ

നവംബർ മാസത്തെ വൈത്തിരി താലൂക്ക് വികസന സമിതി യോഗം ശനി രാവിലെ 10.30ന് വൈത്തിരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേരും.

സിപിഐ എം കുടുംബ സംഗമം

അരപ്പറ്റയിൽ ഉത്സവമായി


സിപിഐ എം അരപ്പറ്റ കുടുംബസംഗമം കേന്ദ്ര കമ്മിറ്റി അംഗം ഇ പി ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു

അരപ്പറ്റ

തോട്ടം മേഖലയിൽ ഉത്സവമായി സിപി ഐ എം അരപ്പറ്റ കുടുംബ സംഗമം. താഴെ അരപ്പറ്റ നഞ്ചല പാർക്കിൽ സംഘടിപ്പിച്ച കുടുംബ സംഗമത്തിലേക്ക് ഒഴുകിയെത്തി. കർഷക തൊഴിലാളി യൂണിയൻ നേതൃത്വത്തിൽ അരപ്പറ്റയിൽ നടത്തിയ ഐതിഹാസിക ഭൂസമര ത്തിന്റെ സ്മരണകളുമുയർന്നു. കലാപരിപാടികളും സ്നേഹവിരുന്നുമുണ്ടായി. ആടിയും പാടിയും കുടുംബസംഗമം ആഘോഷമാക്കി. മികവ് തെളിയിച്ചവരെ ചടങ്ങിൽ ആദരിച്ചു.

സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം ഇ പി ജയരാജൻ ഉദ്ഘാടനം ചെയ്തു. സുരേഷ് ബാബു അധ്യക്ഷനായി. കൽപ്പറ്റ ഏരിയാ സെക്രട്ടറി വി ഹാരിസ്, വി പി ശങ്കരൻ നന്പ്യാർ, മുഴപ്പെന്നാട് പഞ്ചായത്ത് പ്രസിഡന്റ് വി കേശവൻ, പി സി ഹരിദാസ്, കെ വിനോദ് എന്നിവർ സംസാരിച്ചു. ലോക്കൽ സെക്രട്ടറി ഇ ഷാബു സ്വാഗതവും സംഗീത രാമകൃഷ്ണൻ നന്ദിയും പറഞ്ഞു.

പഴശ്ശിരാജ കോളേജിൽ ദേശീയ സെമിനാർ സമാപിച്ചു

പുൽപ്പള്ളി

പഴശ്ശിരാജ കോളേജ് ചരിത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ഇരുപതാം നൂറ്റാണ്ടിലെ മലബാറിലെ കാർഷിക കുടിയേറ്റവും സാമൂഹികസാമ്പത്തിക മാറ്റങ്ങളും' ദേശീയ സെമിനാർ സമാപിച്ചു. ബിഷപ്പ് ഡോ. ജോസഫ് മാർ തോമസ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. എം ആർ ദിലീപ് അധ്യക്ഷനായി. സെമിനാറിന്റെ ഭാഗമായി കുടിയേറ്റ കർഷകരെ ആദരിച്ചു.

പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി എസ് ദിലീപ് കുമാർ, മുള്ളൻകൊല്ലി പഞ്ചായത്ത് പ്രസിഡന്റ് ലിസി സാബു, എ കെ ഇമ്മാനുവൽ, കെ ടി ജോസ്, വി എൻ ശശിധരൻ, വി എൽ അജയകുമാർ, ഡോ. തോമസ് മട്ടക്കുഴിയിൽ, ജെയിംസ് തോവലത്തിൽ, കോളേജ് സൂപ്രണ്ട് അഖിൽ അഗസ്റ്റിൻ, ബേസിൽ വെണ്ണി എന്നിവർ സംസാരിച്ചു. ഡോ. റാണി എസ് പിള്ള സ്വാഗതവും ഡോ. പി രാജേഷ് നന്ദിയും പറഞ്ഞു.

പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമാണ സഹായം

കൽപ്പറ്റ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിത കുടുംബങ്ങൾക്കും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും സ്വന്തമായി ഭവനം നിർമിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ 16നകം നൽകണം. മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള വർക്ക് അപേക്ഷിക്കാം. അപേക്ഷകനെയോ ഭാര്യ/ഭർത്താവിനെയോ പേരിൽ ഭവന നിർമാണത്തിന് അനുയോജ്യമായ ഭൂമി ഉണ്ടായിരിക്കണം. ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് രണ്ട് സെന്റും നഗരപ്രദേശങ്ങളിൽ രണ്ടര സെന്റും വേണം. അപേക്ഷകനെയോ ഭാര്യ/ഭർത്താവിനെയോ പേരിൽ വാസയോഗ്യമായ ഭവനം ഉണ്ടായിരിക്കരുത്. 20 വർഷത്തിനുള്ളിൽ പട്ടികജാതി വികസന വകുപ്പ് മുഖേനയോ മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുഖേനയോ ഭവന നിർമാണത്തിന് ധനസഹായം ലഭിച്ചവരാകരുത്. സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം ജോലിയുള്ളവർക്കും സർവീസ് പെൻഷൻകാർക്കും അപേക്ഷിക്കാൻ അർഹതയില്ല. അപേക്ഷകർ 70 വയസ്സിൽ താഴെയുള്ള വിവാഹിതരായിരിക്കണം. 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകളെയും പരിഗണിക്കും. ഫോൺ: 04936 203824.

അർജുന് വേണം സുമനസ്സുകളുടെ കരുതൽ

പുൽപ്പള്ളി

ബൈക്ക് അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലുള്ള പ്ലസ് ടു വിദ്യാർഥി ചികിത്സാ സഹായം തേടുന്നു. വിജയ കറയർ സെക്കൻഡറി സ്കൂൾ വിദ്യാർഥി ചുണ്ടക്കൊല്ലി ഇലവുംകുന്നേൽ അർജുൻ അനൂപിന്റെ (17) ചികിത്സയ്ക്കും ശസ്ത്രക്രിയക്കുമായി സുമനസ്സുകൾ സഹായിക്കണമെന്ന് ധനസമാഹരണ കമ്മിറ്റി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അഭ്യർഥിച്ചു. നിർധന കുടുംബാംഗമായ അർജുൻ വാടകവീട്ടിലാണ് താമസം. 2025 മാർച്ചിലുണ്ടായ അപകടത്തിൽ പരിക്കേറ്റതിനെ തുടർന്ന് കോഴിക്കോട് മിംസ് ആശുപത്രിയിൽ ഒരുമാസത്തിലധികം ചികിത്സിച്ചു. ഇതിനായി പത്തുലക്ഷത്തോളം രൂപ ചെലവായി. നാട്ടുകാരുടെയും ചലനശേഷി നഷ്ടമാ

ബൈക്ക് അപകടത്തിൽ പരിക്കേറ്റ പ്ലസ് ടു വിദ്യാർഥി ചികിത്സാ സഹായം തേടുന്നു

BHARATPE2U0N00B08R86581@unityba

യത് വീണ്ടെടുക്കാൻ ശസ്ത്രക്രിയ വേണം. ഇതിന് തുക സമാഹരിക്കുന്നതിന് കേരള ബാങ്ക് പുൽപ്പള്ളി ശാഖയിൽ അക്കൗണ്ട് ആരംഭിച്ചു. അക്കൗണ്ട് നമ്പർ: 17061230123993, കേരള ബാങ്ക്, പുൽപ്പള്ളി, ഐഎഫ്എസ് സി: KSBK0001706

വാർത്താസമ്മേളനത്തിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോഷി ചാരുവേലിൽ, വാർഡ് അംഗം ലൈസന മുനിൽ, പി എ ഷാഹുൽ ഹമീദ്, ബാബു പ്രസാദ, സുബിഷ അനൂപ് എന്നിവർ പങ്കെടുത്തു.

ഹൈസ്പീഡ് റെയിൽവേ: ഇന്ന് വിശദീകരണം

കൽപ്പറ്റ

നഞ്ചൻകോട്–നിലമ്പൂർ റെയിൽപ്പാത, കേരളത്തിന്റെ ഹൈസ്പീഡ് റെയിൽവേ പദ്ധതിയായ തിരുവനന്തപുരം–കണ്ണൂർ അതിവേഗ പാതയുടെ കോഴിക്കോട് ബത്തേരി ലിങ്ക് എന്നിവ സംബന്ധിച്ച് ഇ ശ്രീധരൻ ശനിയാഴ്ച ബത്തേരിയിൽ വിശദീകരിക്കുമെന്ന് ബത്തേരി നഗരസഭാ ചെയർപേഴ്സൻ റസിന അബ്ദുൽ ഖാദർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. രാവിലെ 10ന് ടൗൺഹാളിലാണ് പരിപാടി. പാതയുടെ ഒന്നാംഘട്ടം വയനാട് –കോഴിക്കോട് എന്നാണ് ഡിഎംആർസി വിഭാവനം ചെയ്യുന്നത്. പാതയുടെ പരിസ്ഥിതി ആഘാതം, സാമ്പത്തിക വശങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ ഇ ശ്രീധരൻ അവതരിപ്പിക്കും.

നഗരസഭാ ചെയർപേഴ്സൺ, വൈസ് ചെയർമാൻ ഇല്ലിക്കൽ, അഡ്വ. ടി എം റഷീദ്, ജോണിപാറ്റാനി, വിനയകുമാർ അഴിപുറത്ത്, എ.ഡി.എം ഗീസ് മുഹമ്മ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

കനറാ ബാങ്ക് സ്റ്റാഫ് യൂണിയൻ സമ്മേളനം

ബൈക്ക് റാലിക്ക് സ്വീകരണം നൽകി


കനറാ ബാങ്ക് സ്റ്റാഫ് യൂണിയൻ

കനറാ ബാങ്ക് സ്റ്റാഫ് യൂണിയൻ (ബെഫി) അഖിലേന്ത്യാ സമ്മേളനത്തിന്റെ പ്രചാരണാർഥമുള്ള വടക്കൻ മേഖല ബൈക്ക് റാലിയുടെ ജില്ലയിലെ പര്യടനം സിഐടിയു ജില്ലാ സെക്രട്ടറി കെ സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു

കൽപ്പറ്റ

കനറ ബാങ്ക് സ്റ്റാഫ് യൂണിയൻ (ബെഫി) അഖിലേന്ത്യാ സമ്മേളന നത്തിന്റെ പ്രചാരണാർഥം കാസർകോട് നിന്ന് ആരംഭിച്ച വടക്കൻ മേഖല ബൈക്ക് റാലിക്ക് ജില്ലയിൽ സ്വീകരണം നൽകി. ജില്ലയിലെ പര്യടനം സിഐടിയു ജില്ലാ സെക്രട്ടറി കെ സുധാകരൻ ഉദ്ഘാടനം ചെയ്തു.

ബെഫി ജില്ലാ സെക്രട്ടറി കെ കെ റീന, കനറ ബാങ്ക് സ്റ്റാഫ് യൂണിയൻ സംസ്ഥാന ട്രഷറർ അനുഷ വേലായുധൻ, എകെബി ആർഇഎ ജില്ലാ സെക്രട്ടറി കെ വി മാത്യൂസ്, കാനറ ബാങ്ക് സ്റ്റാഫ് യൂണിയൻ വൈസ് പ്രസിഡന്റ് കെ അനഘ, മനോരഞ്ജൻ, പി വിനോദ് എന്നിവർ സംസാരിച്ചു. 13 മുതൽ 15വരെ തൃശൂരിലാണ് സമ്മേളനം. റാലി വിവിധ ജില്ലകളിൽ പര്യടനം നടത്തി ഒക്ടോബർ 27ന് തൃശൂരിലെത്തും.

നഗരസൂത്രണ ദിനാചരണം വിവിധ മത്സരങ്ങൾ

കൽപ്പറ്റ

ലോക നഗരാസൂത്രണ ദിനാചരണത്തിന്റെ ഭാഗമായി ജില്ലയിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഏഴിന് രാവിലെ 10ന് കൽപ്പറ്റ എസ്കെഎംജെ സ്കൂളിൽ ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി പെൻസിൽ ഡ്രോയിങ് മത്സരം നടത്തും. 10ന് രാവിലെ 10ന് 'വയനാട് ജില്ല ആസൂത്രണ കാഴ്ചപ്പാട്: വെല്ലുവിളികളും സാധ്യതകളും', 'നഗരാസൂത്രണവും കെട്ടിട നിർമാണ ചട്ടങ്ങളും' എന്നീ വിഷയങ്ങളിൽ കലക്ടറേറ്റ് എ പി ജെ ഹാളിൽ സെമിനാർ സംഘടിപ്പിക്കും. സിവിൽ സ്റ്റേഷൻ വളപ്പിൽ ലേ ഔട്ട് പ്രദർശനം, ഇൻസ്റ്റലേഷൻ, മാസ്റ്റർ പ്ലാൻ എക്സിബിഷൻ എന്നിവയും സംഘടിപ്പിക്കും. ഫോൺ: 8547321500.

ജില്ലാ കരാട്ടെ ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കം

പുൽപ്പള്ളി

ജില്ലാ കരാട്ടെ ചാമ്പ്യൻഷിപ്പ് 7, 8 തീയതികളിൽ പുൽപ്പള്ളിയിൽ നടക്കും. വയനാട് ഡിസ്ട്രിക്ട് കരാട്ടെ ഡോ അസോസിയേഷന്റെ നേതൃത്വത്തിൽ കബനി ഓഡിറ്റോറിയത്തിലാണ് മത്സരം നടക്കും.

ഏഴിന് രാവിലെ ഒമ്പതിന് ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ ജിനി തോമസ് ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യും. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ എം ഫ്രാൻസിസ് മുഖ്യപ്രഭാഷണം നടത്തും.

ജൂനിയർ, സബ് ജൂനിയർ, അണ്ടർ 21, സീനിയർ വിഭാഗങ്ങളിലായി 124 ഇനങ്ങളിൽ മത്സരം നടക്കും.

വിവിധ കുണ്ടുകളിൽനിന്നായി ആൺ, പെൺ വിഭാഗങ്ങളിലായി 1000ഓളം താരങ്ങൾ പങ്കെടുക്കും. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് 21 മുതൽ 28 വരെ എറണാകുളത്ത് നടക്കുന്ന സംസ്ഥാന കരാട്ടെ ചാമ്പ്യൻഷിപ്പിലേക്ക് യോഗ്യത ലഭിക്കും.

വാർത്താസമ്മേളനത്തിൽ ജില്ലാ കരാട്ടെ ഡോ അസോസിയേഷൻ പ്രസിഡന്റ് ഷിബു കുറുമ്പോമഠം, ജനറൽ സെക്രട്ടറി പി വി സുരേഷ്, പി പി സജി, ആദിത് ജോസഫ്, എം ആർ ബിനു എന്നിവർ പങ്കെടുത്തു.

ഓട്ടോ-ടാക്സി പണിമുടക്ക് വിജയിപ്പിക്കുക സംയുക്ത സമരസമിതി

കൽപ്പറ്റ

ഓട്ടോ–ടാക്സി വാഹനനിരക്ക് വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് ട്രേഡ് യൂണിയൻ സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ 12ന് നടത്തുന്ന ഓട്ടോ–ടാക്സി വാഹനത്തൊഴിലാളികളുടെ സംസ്ഥാന വ്യാപക പണിമുടക്ക് വിജയിപ്പിക്കാൻ മോട്ടോർ തൊഴിലാളി യൂണിയനുകളുടെ സംയുക്ത യോഗം തീരുമാനിച്ചു.

2022ലാണ് അവസാനമായി ഓട്ടോ–ടാക്സി വാഹനങ്ങൾക്ക് നിരക്ക് വർധിപ്പിച്ചത്. ഇന്ധനവിലയിലും ഇൻഷുറൻസ്, സ്പെയർ പാർട്സ്, ടയർ എന്നിവയുടെ വില വർധനയിലും നിത്യോപയോഗ സാധനങ്ങളിലുണ്ടായ ക്രമാതീതമായ വിലക്കയറ്റത്തിലും തൊഴിലാളികളുടെ ജീവിതം ദുഷ്കരമാണ്.

പണിമുടക്കിലും കലക്ടറേറ്റ് മാർച്ചിലും മുഴുവൻ തൊഴിലാളികളും പങ്കെടുക്കണമെന്ന് യോഗം അഭ്യർഥിച്ചു.

കെ സുഗതൻ, കെ ജയരാജൻ, ടി മണി, സജീവൻ, കെ എസ് ബാബു, രാജു കുഴി, സന്തോഷ് കുമാർ, ശശി, മുഹമ്മദലി, സൂപ്പൈർ എന്നിവർ സംസാരിച്ചു.

നവീകരിച്ച പേവിഷബാധ രോഗനിർണയ കേന്ദ്രം തുറന്നു


കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിലെ നവീകരിച്ച പേവിഷബാധ രോഗനിർണയ കേന്ദ്രത്തിന്റെയും വനിതാ ഹോസ്റ്റലുകളുടെയും ഉദ്ഘാടനം മന്ത്രി ബിന്ദുകൃഷ്ണ നിർവഹിക്കുന്നു

കൽപ്പറ്റ

പൂക്കോട് വെറ്റിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിൽ നവീകരിച്ച പേവിഷബാധ രോഗനിർണയ കേന്ദ്രവും വനിതാ ഹോസ്റ്റലും മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം ചെയ്തു. 2025–26ൽ കാലത്ത് എൻഡിഎഫ് സർക്കാരാണ് ഏറ്റവുമധികം മൈക്രോസ്കോപ്പ് ഉൾപ്പെടെ സ്ഥാപിച്ച് കേന്ദ്രം നവീകരിച്ചത്. നവീകരിച്ച ലബോറട്ടറി വർക്കൻ കേരളത്തിലെ മൃഗാരോഗ്യ–പൊതുജനാരോഗ്യ പ്രവർത്തനത്തിന് സഹായകമാകും. വിദ്യാർഥിനികളുടെ താമസ സൗകര്യത്തിലെ അപര്യാപ്തത പരിഹരിക്കുന്നതിന് രണ്ട് ഹോസ്റ്റലുകളാണ് ക്യാമ്പസിൽ നിർമിച്ചത്. 43 മുറികളാണ് ഹോസ്റ്റലിലുള്ളത്.

ചടങ്ങിൽ വിസി പ്രൊഫ. കെ എസ് അനിൽ അധ്യക്ഷനായി. രജിസ്ട്രാർ പ്രൊഫ. സാബിൻ ജോർജ്, വൈത്തിരി പഞ്ചായത്ത് പ്രസിഡന്റ് സി വി രാജൻ, വാർഡംഗം രജനി രവീന്ദ്രൻ, പ്രൊഫ. കെ സി ബിപിൻ, സി ആർ സന്തോഷ്, പ്രൊഫ. സാനിസ് ജുലിയറ്റ്, ഡോ. പി ടി ദിനേശ്, ടി എസ് രാജീവ്, എ കെ ദിനേശൻ, എം വി ശ്രീജിത്ത്, ഡോ. അർച്ചന ചന്ദ്രൻ എന്നിവർ സംസാരിച്ചു.

എൽഡിഎഫ് സർക്കാരാണ് കേന്ദ്രം നവീകരിച്ചത്

വൈദ്യുതി മുടങ്ങും

- വെള്ളമുണ്ട
- ആറുവാൾ, അടിവാരം ട്രാൻസ്ഫോർമർ പരിധിയിൽ രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെ

മസിനഗുഡിയിൽ കാട്ടാന ചരിഞ്ഞു

ഗൂഡല്ലൂർ

മുതുമല മസിനഗുഡി വനം ഡിവിഷനുകീഴിലുള്ള ശിങ്കാര വനത്തിൽ പെൺ കാട്ടാനയെ ചരിഞ്ഞ നിലയിൽ കണ്ടെത്തി.

പരിശോധനക്കിടെ ചൊവ്വാഴ്ചയാണ് ദിവസങ്ങൾ പഴക്കമുള്ള ജഡം വനംവകുപ്പ് ജീവനക്കാർ കണ്ടത്. പോസ്റ്റ്മോർട്ടത്തിനുശേഷം ആനയുടെ സാന്പിൾ പരിശോധനയ്ക്ക് അയച്ചു. പരിശോധനാഫലം ലഭിച്ചാലേ മരണകാരണം വ്യക്തമാകൂ.

പഞ്ചാബ് നേഷണൽ ബാങ്ക് punjab national bank
...the name you can BANK upon !
അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ഒന്നാംനില ഖണ്ഡ, മിനി ബൈപാസ് റോഡ്, ഗോവിന്ദപുറം, കോഴിക്കോട് - 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റെറസ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്റെറസ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 8(1) പ്രകാരം ബാങ്കിന് പണമടച്ചുതരേണ്ടിയിരുള്ള സ്വാഭാവ വസ്തുക്കളുടെ ഇ - ലേല വിൽപന നോട്ടീസ്

താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഇനിയും കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും ഒപ്പ് പലിശയും ഒപ്പ് ചാർജ്ജുകളും ചേർത്തുള്ള തുകയ്ക്കായി **പഞ്ചാബ് നേഷണൽ ബാങ്കിന്റെ** കൈവശമുള്ള വസ്തുക്കൾ **പഞ്ചാബ് നേഷണൽ ബാങ്ക്** പ്രസിദ്ധീകരിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ മുഖേന പരസ്യമായി ലേലം ചെയ്യുന്നതിനുവേണ്ടി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയോണോ" "എങ്ങനെയാണോ" "എതൊക്കെയോണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്നു വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. കടുത്തിൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര്/ വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശപ്പെടുത്ത തീയതി, (സി) കൈവശപ്പെടുത്ത തീയതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി
1	ശാഖ: ARMB കോഴിക്കോട്	വയനാട് ജില്ലയിൽ, മാനന്തവാടി താലൂക്കിൽ, ആറാട്ടുതറ ദേശത്ത്, വേലം അംശത്ത്, റീ. സർവ്വേ നം. 260/3B ൽ പെട്ട സി.കുഞ്ഞാന്റെ പേരിലുള്ള 0.40 ഹെക്ടർ + 0.20 ഹെക്ടർ (0.60 ഹെക്ടർ) സ്ഥലവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിർത്തികൾ: വടക്ക്** അല്ലംനീക്കുടി, പണിക്കന്റെ മുതൽ പേര് കൈവശം. **കിഴക്ക്** പഞ്ചായത്ത് റോഡ് **തെക്ക്** പുര, **പടിഞ്ഞാറ്** സോപാനവും കൈവശം.	**(എ) കുടിശ്ശി വില: രൂപ 40.50 ലക്ഷം** **(ബി) നിരതദ്രവ്യം: രൂപ 4.05 ലക്ഷം** **(സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം**

സെക്യൂരിറ്റി ക്രെഡിറ്റിന്റെ അഡിഡിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല

ഇ - ലേല തീയതിയും സമയവും: **26-11-2026**ന് രാവിലെ **11.00** മണി മുതൽ വൈകിട്ട് **5.00** മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി **25-11-2026**

വസ്തു പരിശോധന അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ **24-11-2026**

ഇ - ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപന, 2002ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കുന്ന നിബന്ധനകൾക്കും, താഴെയുള്ള വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപന **"എവിടെയോണോ" "എങ്ങനെയാണോ" "എതൊക്കെയോണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അറിവിൽപ്പെട്ടിരുന്നതും ഉള്ള വിവരങ്ങളുണ്ട്. എന്നാൽ ഈ നോട്ടീസിലെ എതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല (3) ഇ- ലേല വിൽപന ബെർലൈൻ മുഖാന്തിരം **26-11-2026** രാവിലെ **11.00** മണിക്കും വൈകിട്ട് **05.00** മണിക്കും ഇടയിൽ **https://www.baanknet.com** എന്ന പോർട്ടലിലൂടെ മുത്തമിഴിക്കും നടത്തപ്പെടുക. ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https://www.baanknet.com & www.pnb.bank.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

(പി) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, തീയതി: **06-11-2026**, സ്ഥലം: കോഴിക്കോട് — സെക്യൂരിറ്റി ക്രെഡിറ്റർ